വഴിയോര പദ്ധതിയും ആരാം മോട്ടലുകളും

300 [1204] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വഴിയോരം പദ്ധതിയുടെ ഉദ്ദേശങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ;

(ബി) വഴിയോരം പദ്ധതിയിൽ സംസ്ഥാനത്ത് ആകെ എത്ര അപേക്ഷകൾ ലഭ്യമായെന്നും ഏതെല്ലാം വ്യക്തികളും സ്ഥാപനങ്ങളുമാണ് അപേക്ഷ സമർപ്പിച്ചതെന്നുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്ത് കെ.റ്റി.ഡി.സി.യുടെ കീഴിൽ പ്രവർത്തിക്കുന്ന ആരാം മോട്ടൽ എത്രയാണെന്നും ഇതിൽ സാമ്പത്തികലാഭമുള്ളവ എത്രയെന്നും നഷ്ടമുള്ളവ എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) നിലവിൽ പ്രവർത്തിക്കുന്ന ആരാം മോട്ടലുകൾ വഴിയോരം പദ്ധതിയെ എങ്ങനെ ബാധിക്കുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) *ഉദ്ദേശ്യം* : സഞ്ചാരികൾക്ക് യാത്രയിലുടനീളം മെച്ചപ്പെട്ട സൗകര്യങ്ങൾ സഹകാര്യപങ്കാളിത്തത്തോടെ ലഭ്യമാക്കുക.

ലക്ഷ്യങ്ങൾ :

(1) പ്രധാന ഹൈവേകളിലും ടൂറിസം റോഡുകളിലും 10 മുതൽ 20 കി.മീറ്റർ ദൂരത്തിൽ ഉയർന്ന നിലവാരമുള്ള വഴിയോര വിശ്രമകേന്ദ്രം.

(2) 250 വഴിയോരകേന്ദ്രങ്ങളിലൂടെ ചുരുങ്ങിയത് 1500 പേർക്ക് നേരിട്ട് തൊഴിൽ.

(3) 250 വഴിയോര കേന്ദ്രങ്ങളിലൂടെ 50 കോടി രൂപയിൽപ്പരം നിക്ഷേപം.

(4) ഒരേതരത്തിലുള്ള ഡിസൈൻ ഉപയോഗിക്കുന്നതിലൂടെ ബ്രാൻഡിംഗ് സാധ്യമാക്കൽ.

(5) പൊതു-സഹകാര്യ മേഖലകളുടെ കൂട്ടായ്മ ഉറപ്പുവരുത്തൽ.

(6) സുവനീർ വ്യവസായത്തിന്റെ വികസനം.

(7) വികസനപ്രക്രിയയിൽ പ്രേരകശക്തിയായും സൗകര്യദാതാവുമായുള്ള സർക്കാരിന്റെ നയം ഉറപ്പുവരുത്തൽ

GPM. 2/567/2012—40

LIBRARY ARCHIVES Kerala Legislative Assembly

(ബി) 544 അപേക്ഷകൾ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ലഭിച്ച അപേക്ഷകരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി)

മോട്ടൽ ആരാം — 12

നഷ്ടത്തിലുള്ളവ — 4

ലാഭോത്തിലുള്ളവ — 8

(ഡി) ഉണ്ട്. വഴിയോര പദ്ധതി കെ.റ്റി.ഡി.സി.യുടെ ആരാംഹോട്ടലുകളെ യാതൊരു രീതിയിലും ബാധിക്കുകയില്ല. ഇപ്പോൾ കെ.റ്റിഡി.സി.യുടെ ഹോട്ടലുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. വഴിയോര പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഹൈവേകളിലും പ്രധാന ടൂറിസം റോഡുകളിലും വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. മാത്രവുമല്ല, ഒരു സ്ഥലത്ത് ഒരു യൂണിറ്റിന് അംഗീകാരം നൽകിയാൽ പ്രസ്തുത യൂണിറ്റിൽനിന്നോ നിലവിലുള്ള കെ.റ്റി.ഡി.സി. ഹോട്ടലുകളിൽനിന്നോ ചുരുങ്ങിയത് 10 മുതൽ 20 കി. മീറ്റർ വരെ അകലമുണ്ടെങ്കിലെ അടുത്ത യൂണിറ്റ് തുടങ്ങാനുള്ള അംഗീകാരം നൽകുകയുള്ളൂ.

സംസ്ഥാന ടൂറിസം വകുപ്പിന്റെ വാഹനങ്ങൾ

301 [1207] *ശ്രീ. ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ടൂറിസം വകുപ്പിന് മൊത്തം എത്ര വാഹനങ്ങൾ ഉണ്ടെന്നും അതിൽ വിദേശനിർമ്മിത കാറുകൾ എത്രയെന്നും സ്വദേശനിർമ്മിത കാറുകൾ എത്രയുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ വകുപ്പിൽ 25 വർഷത്തിലേറെ പഴക്കമുള്ള എത്ര വിദേശനിർമ്മിത കാറുകൾ ഉണ്ടെന്നും അവയുടെ മോഡൽ, നിർമ്മാണ കമ്പനി, രജിസ്ട്രേഷൻ നമ്പർ എന്നിവ അറിയിക്കാമോ;

(സി) മേൽപ്പറഞ്ഞ വാഹനങ്ങളിൽ ഇപ്പോൾ ഉപയോഗത്തിലുള്ള എത്ര വാഹനങ്ങൾ ഉണ്ടെന്നും ഉപയോഗിക്കാൻ പറ്റാത്തവ എത്രയാണെന്നും റിപ്പയർ ചെയ്താൽ ഉപയോഗിക്കാൻ കഴിയുന്നവ എത്രയാണെന്നും അറിയിക്കുമോ;

(ഡി) ഉപയോഗമില്ലാത്ത വാഹനങ്ങൾ ലേലംചെയ്ത് സർക്കാരിലേക്ക് മുതൽക്കൂട്ടാൻ അടിയന്തിരമായ നടപടി സ്വീകരിക്കാമോ?

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly